(ബി) കുറ്റകൃത്യങ്ങളിൽ ഉൾപ്പെട്ടവർ, മദ്യത്തിനും മയക്കുമരുന്നിനും അടിമപ്പെട്ടുകൊണ്ടിരിക്കുന്നവർ, സാമൂഹ്യവിരുദ്ധ പ്രവർത്തികളിൽ ഏർപ്പെടുന്നവർ എന്നിങ്ങനെയുള്ള കുട്ടികളെ Mentoring, Counseling, Motivation, Effective and responsible parenting and teaching എന്നിവയിലൂടെ കലാകായിക വാസനകളെ പ്രോത്സാഹിപ്പിക്കുക, സാമൂഹ്യ സേവനത്തിൽ പങ്കെടുപ്പിക്കുക എന്നിങ്ങനെയുള്ള മാർഗ്ഗങ്ങളിലൂടെ നേർവഴിയിലേക്ക് നയിക്കുകയും സമൂഹത്തിന്റെ ഒരു മുതൽക്കൂട്ടായി മാറ്റുകയും ചെയ്യുക, കുട്ടികൾ സാമൂഹ്യ വിരുദ്ധ പ്രവൃത്തിയിലേക്കും മദ്യം മയക്കുമരുന്നിന്റെ ഉപയോഗത്തിലേയ്ക്കും മറ്റും വഴുതി വീഴുന്നതിലേക്കുള്ള സാധ്യതകളെ തടയുക: എന്നിവയാണ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ.

(സി) പരീക്ഷണാടിസ്ഥാനത്തിൽ ഇപ്പോൾ നടപ്പിലാക്കിവരുന്ന പദ്ധതി വിലയിരുത്തിയശേഷം മറ്റ് ജില്ലകളിലെ സാമൂഹിക അവസ്ഥകൂടി പരിഗണിച്ചു മാത്രമേ ഇക്കാര്യം തീരുമാനിക്കാൻ കഴിയുകയുള്ളൂ.

നിയമ കമ്മീഷന്റെ ശിപാർശകൾ നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ

4(209) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇൻഡ്യയുടെ നിയമ കമ്മീഷന്റെ ശിപാർശകൾ സംസ്ഥാനത്ത് നടപ്പാക്കുന്നതിന് ആഭ്യന്തര വകുപ്പ് നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാം ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) ക്രിമിനൽ കുറ്റകൃത്യങ്ങൾക്ക് ഇരയാകുന്നവർക്ക് ഇപ്പോൾ നഷ്ട പരിഹാരം നൽകി വരുന്നുണ്ടോ ; എങ്കിൽ ഓരോ കുറ്റകൃത്യത്തിനും ഇരയാകുന്നവർക്ക് നൽകുന്ന നഷ്ടപരിഹാര തുക വ്യക്തമാക്കുമോ ;

(സി) നഷ്ടപരിഹാരം നൽകുന്നതിനുള്ള ഫണ്ട് എങ്ങനെയാണ് കണ്ടെത്തുന്നത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി&സി) 1973-ലെ Cr.PC- യുടെ ഭേദഗതി പ്രകാരം 357എ എന്ന ഒരു വകുപ്പ് പുതുതായി ഉൾപ്പെടുത്തിക്കൊണ്ട് ക്രിമിനൽ കുറ്റകൃത്യങ്ങൾക്ക് ഇരയാകുന്നവർക്ക് നഷ്ടപരിഹാരം നൽകുന്നതിലേക്കായി ഒരു സ്കീം വിഭാവന ചെയ്യുകയുണ്ടായി. ഇത് സംബന്ധിച്ച് സംസ്ഥാന ഗവൺമെന്റിനുള്ള അഭിപ്രായം ഹൈക്കോടതി രജിസ്ട്രാർ, ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ, ഡയറക്ടർ ജനറൽ ഓഫ് പോലീസ് എന്നിവരുമായി കൂടി ആലോചിച്ച് കേന്ദ്ര ഗവൺമെന്റിനെ അറിയിക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നുവരുന്നു. ഇത് സംബന്ധിച്ച് അന്തിമ തീരുമാനം ആയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly